LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലയിലെ വ്യാജചികിത്സാകേന്ദ്രങ്ങൾ

60 (3491) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ വ്യാജചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം കേന്ദ്രങ്ങൾ ഏതെങ്കിലും കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ ആരോഗ്യ വകുപ്പ് അധികൃതർ പരിശോധന നടത്താറുണ്ടോ ; പരിശോധനയുടെ ഫലമായി എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഇത്തരം സ്ഥാപനങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനുള്ള കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

(ബി&സി) പരാതികളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്താറുണ്ട്. പൊതുജന ആരോഗ്യ നിയമത്തിന്റെ അടിസ്ഥാനത്തിൽ കർശന നടപടികൾ സ്വീകരിക്കാറുണ്ട്.

കുടിവെള്ള വിതരണത്തിന് ഭക്ഷ്യസുരക്ഷാവകുപ്പിന്റെ നിബന്ധനകൾ

61 (3492) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കുടിവെള്ള വിതരണത്തിന് ഭക്ഷ്യസുരക്ഷാവകുപ്പ് എന്തെല്ലാം നിബന്ധനകളാണ് പുറപ്പെടുവിച്ചിട്ടുള്ളത് ;

(ബി) സംസ്ഥാനത്ത് അനധികൃതമായി നടത്തുന്ന കുടിവെള്ള വിതരണം തടയാൻ ഇത് എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത് ;

(സി) കുടിവെള്ള വിതരണം നടത്തുന്ന ആൾക്കും ഇതിനുപയോഗിക്കുന്ന വാഹനങ്ങൾക്കും രജിസ്ട്രേഷനും ലൈസൻസും നിർബന്ധമാക്കുവാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിബന്ധനകളിലുള്ളത് ;

(ഡി) ഇവ കർശനമായി നടപ്പാക്കുന്നുണ്ടോ എന്നറിയാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ?

ഉത്തരം

(എ) 11-3-2015-ലെ എ/1266/2015 സി.എഫ്.എസ്. എന്ന ഉത്തരവ് പ്രകാരം കടിവെള്ള വിതരണക്കാരും ഉപഭോക്താക്കളും പാലിക്കേണ്ട കർശന നിബന്ധനകൾ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനയിൽ അത്തരം നിബന്ധനകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാറുണ്ട്. കർശന പരിശോധനയെ തുടർന്ന് അനധികൃത കപ്പിവെള്ള വിതരണം സംബന്ധിച്ച പരാതി ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(സി) നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ടി ഉത്തരവ് കർശനമായി നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലകളിലേയും അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റിമാർക്കും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള ഫുഡ്സേഫ്റ്റി ഇന്റലിജൻസ് സ്ക്വാഡിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

എണ്ണപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം

62 (3493) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ എണ്ണപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം ടൈബൽ ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്ന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly